# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3097** **10.05.2017**-ൽ മറുപടിക്ക്

## ട്രോമാകെയർ സംവിധാനം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ട്രോമാകെയർ സംവിധാനം കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളപ്പെടുത്തുമോ; | എ) | മെഡിക്കൽ കോളേജുകളിൽ എയിംസ് മാതൃകയിൽ ട്രോമാ കെയർ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. അതിന്റെ പ്രാരംഭ നടപടിയായി എയിംസിൽ നിന്നുള്ള എമർജൻസി വിഭാഗം മേധാവി ഉൾപ്പെടെയുള്ള വിദഗ്ധ സംഘം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പുതിയ കാഷ്വാലിറ്റി സന്ദർശിക്കുകയും, ഇതിൻപ്രകാരം സംസ്ഥാന സർക്കാർ എയിംസ് ട്രോമാ സെന്ററുമായി MOU ഒപ്പു വക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും ട്രോമാകെയർ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| ബി) | കേരളത്തിലെ ഏതൊക്കെ മെഡിക്കൽ കോളേജുകളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ? | ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ മെഡിക്കൽ കോളേജുകളിലും ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ